## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *68. 30.06.2016 ന് മറുപടിയ്ക്ക്

## ക്യാമ്പസുകളെ പുകയില - ലഹരി വിമുക്തമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.അബ്ദുറഹിമാൻ<br>,, എ. പ്രദീപ്കുമാർ<br>ശ്രീമതി യു. പ്രതിഭാ ഹരി<br>ശ്രീ. എ.എൻ.ഷംസീർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ക്യാമ്പസുകളെ പുകയില - ലഹരി വിമുക്തമാക്കുവാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മദ്യവർജ്ജന പ്രവർത്തനങ്ങളും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ ബോധവത്ക്കരണ മിഷന് രൂപം നൽകുന്നതാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂളുകളിലെയും കോളേജുകളിലേയും ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന സംഘടനകൾ എന്നിവരെ സഹകരിപ്പിച്ച് ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ബോധവത്ക്കരണ മിഷൻ രൂപീകരിച്ച്, നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഇതു കൂടാതെ ക്യാമ്പസുകളെ ലഹരിവിമുക്തമാക്കുന്നതിന് സർക്കാർ വിപുലവും വൈവിധ്യവു |

മായ ബോധവത്ക്കരണ പരിപാടികളാണ് നടപ്പിലാക്കി വരുന്നത്. വിദ്യാർത്ഥികളിലും യുവജന ങ്ങളിലുമുള്ള മദ്യാസക്തിയെ എക്സൈസ് വകുപ്പ് വളരെ ഗൗരവപൂർവ്വമാണ് പരിഗണിക്കുന്നത്. മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെകുറിച്ച് വിദ്യാർത്ഥികളേയും യുവാക്ക ളേയും പൊതുജനങ്ങളേയും ബോധവാൻമാരാക്കാൻ സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സ്കൂൾ തലത്തിൽ 1,735 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ്തലത്തിൽ 261 ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ക്ലബ്ബുകളുടെ നേതൃത്വത്തിൽ സെമിനാർ, ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവത്ക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം എന്നിവ നടത്തി വരുന്നു. എല്ലാ സ്കൂളുകളിലും കോളേജു കളിലും ഇത്തരത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതി യിൽ നടന്നുവരുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

| | | |
|---|---|---|
| | | മായും കോളേജ്തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി-യുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7,8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യായന വർഷത്തിൽ 9,10 ക്ലാസ്സുകളിലും, ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതി യിൽ ഉൾപ്പെടുത്തുന്നതിനും, ഹയർസെക്കണ്ടറി ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ലഹരിപദാർത്ഥങ്ങളുടെ ഉല്പാദനം, വിപണനം, ഉപഭോഗം എന്നിവ സംബന്ധിച്ച വിവരം വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിശദാംശ ങ്ങളോ വെളിപ്പെടുത്താതെ ബന്ധപ്പെട്ട അധികാരി കളെ അറിയിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ വിവരശേഖരണപ്പെട്ടി 'ശ്രദ്ധ 'SRADA' (Students, Response Against Drug & Alcohol) എന്ന പേരിൽ സ്ഥാപിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്ക് വേണ്ടി 'അതിജീവനം' (Survival) എന്ന കൈപ്പുസ്തകം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | എസ്.സി.ഇ.ആർ.ടി.യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളിൽ പുകയില - ലഹരി വിരുദ്ധ അവബോധം വളർത്തുന്ന തോടൊപ്പം വിപണന ശൃംഖല കൂടി ഇല്ലാതാക്കുവാൻ ശക്തമായ നടപടിയെടുക്കുമോ? | (ബി) | മദ്യ - ലഹരിവസ്തുക്കൾക്കെതിരെ വൈവിധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനത്തോടൊപ്പം ശക്ത മായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തി സ്കൂളുകളിലും പരിസരപ്രദേശങ്ങളിലുമുള്ള മദ്യത്തി ന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗവും വിപണനവും പൂർണ്ണമായി ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**